
# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## ജന്മദിന പ്രാർത്ഥന-Birthday




### ജന്മദിന പ്രാർത്ഥന

സ്നേഹസമ്പന്നനായ ഈശോയേ, എന്റെ ജീവിതത്തിൽ ഒരു വർഷംകൂടി എനിക്കങ്ങു തന്നതിൽ ഞാനങ്ങയെ സ്തുതിക്കുന്നു. കഴിഞ്ഞവർഷം എനിക്കു ലഭിച്ച എല്ലാ നന്മകളേയും എനിക്കുതന്ന എല്ലാ നല്ല അനുഭവങ്ങളെയും ഓർത്തു നന്ദിപറയുന്നു. കർത്താവേ, എനിക്കു കൈവന്ന വിജയങ്ങൾ സന്തോഷകരമായ ഓർമ്മകളായും സംഭവിച്ച പരാജയങ്ങൾ എന്റെ തന്നെ ബലഹീനതകളുടെ ആഴങ്ങളെ മനസ്സിലാക്കി അങ്ങിൽ കൂടുതൽ ആശ്രയിക്കുന്നതിനുള്ള അവസരങ്ങളായും എന്റെ ദുഖങ്ങൾ അങ്ങിലേക്കു വലിച്ചടുപ്പിക്കുന്ന സന്ദർഭങ്ങളായും മാറ്റുവാൻ ഇടയാക്കണമേ. ഞാൻ നഷ്ടപ്പെടുത്തിയ മണിക്കൂറുകളും പാഴാക്കിക്കളഞ്ഞ അവസരങ്ങളും അങ്ങയെ വേദനിപ്പിച്ച നിമിഷങ്ങളും ഓർത്തു ദു:ഖിക്കുന്നു. എന്റെ ജീവിതത്തെ അങ്ങയുടെ ഇഷ്ടമനുസരിച്ച് നെയ്തെടുക്കുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. എങ്കിലും എന്റെ പോരായ്മകൾ പരിഹരിച്ച് ഈ പുതിയ വർഷം ഏറ്റവും നല്ല രീതിയിൽ ജീവിക്കുന്നതിനും എന്റെ മാതാപിതാക്കൾക്കും ബന്ധുമിത്രാദികൾക്കും എനിക്കുതന്നെയും അഭിമാനിക്കാവുന്ന വിധത്തിൽ ജീവിതം കരുപിടിപ്പിക്കുന്നതിനും എന്നെ സഹായിക്കണമേ. എനിക്കു ജന്മം നല്കുകയും വളർത്തുകയും ചെയ്ത മാതാപിതാക്കളെയും എനിക്കു സ്നേഹം നല്കി പരിപോഷിപ്പിക്കുന്ന ബന്ധുജനങ്ങളെയും ഈ ദിവസം എന്നെ ഓർക്കുകയും അനുമോദിക്കുകയും എനിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കുകയും ഉദാരമായി പ്രതിസമ്മാനം നൽകുകയും ചെയ്യണമേ. ആമ്മേൻ.

### തിരുവചനം

കർത്താവു നിന്നെ  അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. അവിടുന്നു നിന്നിൽ പ്രസാദിക്കുകയും നിന്നോടു കരുണകാണിക്കുകയും ചെയ്യട്ടെ. കർത്താവു കരുണയോടെ കടാക്ഷിച്ചു നിനക്കു സമാധാനം നൽകട്ടെ (സംഖ്യ 6:24-26).

പ്രത്യാശയുടെ ദൈവം നിങ്ങളുടെ  വിശ്വാസത്താൽ സകലസന്തോഷവും സമാധാനവുംകൊണ്ടു നിങ്ങളെ നിറയ്ക്കട്ടെ, അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ (റോമാ 15:13).

കർത്താവ് ഒരുക്കിയ ദിവസമാണിന്ന്, ഇന്നു സന്തോഷിച്ചുല്ലസിക്കാം (സങ്കീർത്തനങ്ങൾ 118:24).

+++